**Deepika**

**17 July 2018**

**Neryamangalam, Landslide, Heavy Rain**

# നേര്യമംഗലത്തും ഉരുൾപൊട്ടി

**കോതമംഗലം:** നേര്യമംഗലത്തിനു സമീപം മലയിലും ഉരുൾപൊട്ടലുണ്ടായി. ഇന്നലെ പുലർച്ചെയായിരുന്നു സംഭവം. കാര്യമായ നാശനഷ്ടം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. നേര്യമംഗലം-ഇടുക്കി റോഡിൽ കോളനിപ്പടിക്കു സമീപമുള്ള മലയുടെ മുകളിലാണ് ഉരുൾപ്പൊട്ടലുണ്ടായത്. ഉഗ്രശബ്ദം കേട്ടതായും ഉരുൾപൊട്ടിയതിനെത്തുടർന്നു മലയിൽനിന്നുള്ള അരുവിയിൽ കുത്തൊഴുക്കു വർധിച്ചതായും നാട്ടുകാർ പറഞ്ഞു.

മലയുടെ അടിവാരത്തുള്ള കോളനിയിൽ ഒട്ടേറെ കുടുംബങ്ങൾ കഴിയുന്നുണ്ട്. മണ്ണും കല്ലും നിറഞ്ഞവെള്ളം കോളനിയിലൂടെയാണ് നിലവിൽ ഒഴുകുന്നത്.

ഉരുൾപൊട്ടിയതിനോട് ചേർന്നുള്ള ഭാഗത്തിന് ഇളക്കംതട്ടിയിട്ടുള്ളതായും ശക്തമായ മഴയിൽ ഇവിടം താഴേക്ക് പതിച്ചേക്കുമെന്നും കോളനി നിവാസികൾ ഭയക്കുന്നു. നേര്യമംഗലം-ഇടുക്കി റോഡിലും നേര്യമംഗലം-അടിമാലി റോഡിലും മണ്ണിടിച്ചിലിന് സാധ്യതയുള്ളതായി മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

വില്ലാഞ്ചിറയിലുൾപ്പെടെ ചിലയിടങ്ങളിൽ മണ്ണിടിച്ചിലുമുണ്ടായിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ ഉരുൾപൊട്ടൽ സാധ്യത കണക്കിലെടുത്ത് മലയോര മേഖലകളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് അധികൃതർ നിർദേശിച്ചു.